**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791** **11-10-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 30.10.2020-ലെ സ.ഉ (അച്ചടി) നം.57/2020/ ഗതാഗതം, എസ്.ആർ.ഒ നം. 757/2020 പ്രകാരം 01.11.2020 തീയതി പ്രാബല്യത്തിൽ രൂപീകരിച്ച കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | കൊച്ചി നഗരത്തിന്റെ ഗതാഗത ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും നഗര ഗതാഗത അനുബന്ധ സേവനങ്ങൾക്കും വേണ്ടിയാണ് കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. നഗരഗതാഗതം സുഗമവും, സുരക്ഷിതവും ആക്കുന്നതിനും പൊതുഗതാഗത സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരസ്പര പൂരകമാകും വിധം പ്രവർത്തിക്കുന്നതിനും അതോറിറ്റി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.<br><br>ഡ്രൈവർമാർക്കുള്ള ബോധവൽക്കരണ പരിപാടികൾ, കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്കുമായി ചേർന്ന് വിവിധ ഗതാഗത സംവിധാനങ്ങൾ ഡിജിറ്റലായി ഏകോപിപ്പിക്കുന്നതിന് നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്(Non Motorised Transport) മേഖലയിലും കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജം ആക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി അതോറിറ്റിയിൽനിന്നും ലഭ്യമാക്കിയ പ്രൊപ്പോസൽ സാമ്പത്തികകാരണങ്ങളാൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 2022-2023ലെ ബജറ്റിൽ മൂന്നരക്കോടി രൂപ വകയിരുത്തിയിട്ടുള്ള കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്നത്തേക്ക് | (സി) | പ്രസ്തുത അതോറിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജം ആക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി |

| | | | |
|---|---|---|---|
| | പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ? | | അതോറിറ്റിയിൽനിന്നും ലഭ്യമാക്കിയ പ്രൊപ്പോസൽ സാമ്പത്തികകാരണങ്ങളാൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ